
August

# ബൈബിൾ ട്രൂത്ത്



ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3

| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
|---|---|---|---|---|
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ 3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ 11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ 2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 24** **August 2009** **No. 5**

## എഡിറ്റോറിയൽ

അടുത്ത സമയത്ത് ഒരാൾ എനിക്ക് തപാലിൽ ചില കാര്യങ്ങൾ എഴുതി അയച്ചുതരികയുണ്ടായി. അയാൾ ഏതാനും മാസങ്ങൾക്കു മുൻപു എന്നെ വന്നു കണ്ടു സംസാരിച്ചുപോയ വ്യക്തിയാണ്. ഇന്നു വരെയും ഞാൻ ആരെയും വ്യക്തിഹത്യ നടത്തിയിട്ടില്ല എന്നു തുറന്നു പറയട്ടെ. ഉപദേശ സംബന്ധമായ കാര്യങ്ങൾ ആണ് വ്യക്തികളെയും സമൂഹത്തെയും തമ്മിൽ അകറ്റുന്നത്. വിശ്വാസങ്ങളും ആചാരങ്ങളും എല്ലാം അതിൽ നിന്നാണല്ലോ ഉരുത്തിരിഞ്ഞു വരുന്നത്. ഇനി നമുക്കു കാര്യത്തിലേക്കു കടക്കാം. ചിലർ ക്രിസ്തുവിന്റെ സഭ എന്താണ് എന്നു വാസ്തവത്തിൽ ഗ്രഹിക്കാതെ അതിനെ നാമധേയ വിഭാഗത്തോടു ചേർത്തു പറയാറുണ്ട്. എന്നാൽ കർത്താവിന്റെ സഭ ഒരു നാമധേയ വിഭാഗമല്ല എന്നു ആദ്യം തന്നെ അവർ അറിയേണ്ടതാണ്. സഭ പണിതതു ക്രിസ്തുവാണ് (മത്തായി 16:18). സഭയോടു ചേർക്കുന്നതു ക്രിസ്തുവാണ്; അതു രക്ഷിക്കപ്പെടുന്നവരെയുമാണ് (പ്രവൃത്തികൾ 2:47). തിരുവെഴുത്തിൽ ആ ഒരു സഭയേയുള്ളൂ (എഫെസ്യർ 4:4). ആ സഭ പുതിയ നിയമം പ്രാബല്യത്തിൽ വന്നനാൾ മുതൽ നിലവിലുണ്ട്. തിരുവചനം ആ സഭയുടെ അടയാളങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. അവർ വിശ്വസിച്ചതും വചനപ്രകാരം, ആരാധിച്ചതും പരിശീലിച്ചതും ക്രിസ്തുവിന്റെ ഉപദേശപ്രകാരമാ

യിരുന്നു.

ക്രിസ്തുവിന്റെ ഉപദേശമാണ് ക്രിസ്തുവിന്റെ സഭയുടേത്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർകടന്നു പോകുന്നവർക്കു ദൈവമില്ല. അവർക്കു പിതാവുമില്ല, പുത്രനുമില്ല എന്നാണ് വചനം പറയുന്നത്. തിരുവെഴുത്ത് ദൈവശ്വാസിയവും തികവുമുള്ളതാണ്. ഇന്നു മനുഷ്യർ അനുസരിക്കേണ്ടതു പുതിയ നിയമമാണ്. പഴയനിയമം യിസ്രായേൽ ജനത്തിനു കൊടുത്തിരുന്നതാണ്. എന്നാൽ പുതിയ നിയമം ശ്രേഷ്ഠമായതും എല്ലാവരും അനുസരിക്കേണ്ടതുമാണ്. അതു ക്രിസ്തുവിന്റെ മരണത്തോടെ ഉറപ്പായതുമാണ്. ക്രിസ്തു ജീവനോടെ യെഹൂദന്മാർക്കിടയിൽ വസിച്ചു ഉപദേശിക്കുമ്പോൾ അവന്റെ വചനത്തെയും അവനെയും തള്ളിക്കളഞ്ഞവരെ അവൻ വിധിച്ചില്ല. അന്ത്യനാളിൽ അവരെ വിധിക്കുന്നതു ക്രിസ്തു സംസാരിച്ച വചനങ്ങൾ തന്നെയാണ് (യോഹന്നാൻ 12:48). നിങ്ങൾ ഭൂമിയിൽ ആരെയും പിതാവു എന്നു വിളിക്കരുത് എന്നു കർത്താവു പഠിപ്പിച്ചിരിക്കുന്നു. പിന്നെ എന്തിനാണ് ചിലർ പേരിന്റെ മുൻപിൽ ഫാദർ എന്നു ചേർത്തിരിക്കുന്നത്? അതു ക്രിസ്തുവിന്റെ കല്പനക്കു വിരുദ്ധമാകയാൽ ഉപേക്ഷിക്കേണ്ടതല്ലേ? യേശുക്രിസ്തു നിയോഗിച്ച അപ്പൊസ്തലന്മാർ ദൈവാത്മനിയോഗത്താൽ സകല സത്യവും പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. ആ അപ്പൊസ്തലന്മാർ തന്നെയാണ് എഴുതിയിരിക്കുന്നത് പ്രവചനവരമോ അതു നിന്നു പോകും. അല്പമായി മാത്രം അറിയുന്നവരാണ് പ്രവചന വരം ഉണ്ടായിരുന്നവർ. എന്നാൽ വചനം പൂർണ്ണമായി എഴുതപ്പെട്ടു കഴിഞ്ഞപ്പോൾ, പൂർണ്ണമായ വചനം കിട്ടി കഴിഞ്ഞപ്പോൾ പിന്നെ അംശമായതിന്റെ ആവശ്യമില്ല എന്നു അപ്പൊസ്തലന്മാർ തന്നെ വെളിപ്പെടുത്തിയിരിക്കുന്നു.

ആത്മാവിനാൽ എഴുതപ്പെട്ട വചനം അങ്ങനെ തന്നെ സ്വീകരിക്കുകയാണ് മനുഷ്യർ ചെയ്യേണ്ടത്. എഴുതിയിരിക്കുന്നതിനപ്പുറം ഭാവിക്കരുത് (1 കൊരിന്ത്യർ 4:6). തിരുവചനത്തോടു മനുഷ്യർ കൂട്ടുവാനോ കുറയ്ക്കുവാനോ പാടില്ല. കൂട്ടിയാലും കുറച്ചാലും ശിക്ഷയുണ്ടാകും (വെളിപ്പാട് 22:18, 19). ഇന്നു ചിലർ വ്യക്തികളെ കുറിച്ചോ, വസ്തുക്കളെ കുറിച്ചോ, വിവാഹത്തെ കുറിച്ചോ; മക്കളെ കുറിച്ചോ ഒക്കെ വിവിധ രീതിയിലുള്ള പ്രവചനങ്ങൾ നടത്തുന്നു

ണ്ട്. മുൻപു യേശുവിന്റെ വീണ്ടും വരവിനെ കുറിച്ചു പ്രവചിക്കയും പരാജയപ്പെടുകയും ചെയ്തവർ പലരുണ്ടായിട്ടുണ്ട്. ദൈവേഷ്ടത്തിനു വിരുദ്ധമായ പ്രവചനം നടത്തുന്നവരും സ്വപ്നം കണ്ടു എന്നു പറഞ്ഞു ദൈവത്തിന്റെ നാമം എടുത്തു ദുരുപയോഗം ചെയ്യുന്നവരുമുണ്ട്. അങ്ങനെയുള്ളവർ മാനസാന്തരപ്പെട്ട് ദൈവത്തോട് ഏറ്റു പറയുകയും, ക്രിസ്തു പഠിപ്പിച്ച സ്നാനം ഏറ്റു രക്ഷ പ്രാപിക്കയും വേണം. സത്യത്തെ സ്നേഹിച്ചു അനുസരിക്കാത്തവരിലാണ് ഇത്തരം ദുരുപദേശങ്ങളും കള്ള പ്രവചനങ്ങളും ഉള്ളതു. അതു പഴയ നിയമകാലയളവിലും നടന്നിട്ടുണ്ട്. യഹോവയുടെ നാമത്തിൽ കള്ള പ്രവചനം നടത്തിയ പ്രവാചകന്മാരുണ്ടായിരുന്നു. പുതിയ നിയമാരംഭത്തിലും പിശാചു ആളുകളെ ഇത്തരത്തിൽ തെറ്റിച്ചിട്ടുണ്ട്. അതുകൊണ്ടാണ് വചനത്തിൽ ഏതാത്മാവിനെയും വിശ്വസിക്കാതെ ആത്മാവു ദൈവത്തിൽ നിന്നുള്ളതോ എന്നു ശോധന ചെയ്യുവാൻ പറഞ്ഞിരിക്കുന്നത്. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ കേൾക്കുന്നതു ശരിയാണോ എന്നു വചനത്താൽ പരിശോധിക്കുമായിരുന്നു. കാരണം ദൈവവചനം മാത്രമാണ് സത്യം. മനുഷ്യരെല്ലാവരും ഭോഷ്ക്കു പറയുന്നവരാണ് എന്നു വചനം പറയുന്നു. അന്ത്യകാലത്തു ദുരുപദേഷ്ടാക്കന്മാരും കള്ളപ്രവാചകന്മാരും എഴുന്നേല്ക്കുമെന്നു ദൈവം മുന്നറിയിച്ചിട്ടുണ്ട്. നമ്മുടെ എല്ലാവരുടേയും ബുദ്ധിയെ തുറക്കുന്നതിനാണ് ദൈവം തന്റെ അരുളപ്പാടുകൾ പൂർണ്ണമായും വെളിപ്പെടുത്തിയിരിക്കുന്നത്. എഴുതിയിരിക്കുന്നതു തികവുള്ളതാണ്. ഇനി മറ്റൊരു പ്രവചനത്തിന്റേയോ വെളിപ്പാടിന്റേയോ ആവശ്യമില്ല.

## മോഷണം എന്ന പാപം

### J.C. ചോട്ട്

മോഷ്ടിക്കരുത് എന്നായിരുന്നു പത്തു കല്പനകളിൽ ഒന്ന് (പുറപ്പാട് 20:3-5). ആരംഭത്തിൽ ദൈവം തന്റെ ജനത്തിനുവേണ്ടി നല്കിയ ഒരു കല്പനയായിരുന്നു ഇത്. എന്നാൽ അതിനുശേഷം

ആവിർഭവിച്ചിട്ടുള്ള മനുഷ്യനിർമ്മിതമായ നിയമങ്ങളിലും മതപരമായ നിയമങ്ങളിലും അനുയോജ്യമെന്നു കണ്ട് ഇതിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. തനിക്കുള്ളതല്ലാത്ത മറ്റൊന്ന് ആരിൽ നിന്നു എടുത്താലും അതു അപഹരണമാകും. തന്നെയുമല്ല; സാമൂഹികവും ധാർമ്മികവുമായി അതു തെറ്റു തന്നെയാണ്, അതിനാലാണ് ഈ നിയമം എല്ലാവരാലും സ്വീകരിക്കപ്പെട്ടിരിക്കുന്നത്. ഈ പ്രമാണം നിലകൊള്ളുന്നത് കള്ളനെ ശിക്ഷിക്കുന്നതിനാണെങ്കിലും നിരപരാധിയെ സംരക്ഷിക്കുക എന്നതാണ് ലക്ഷ്യം. ഈ കുറ്റകൃത്യത്തെ ചിലർ ന്യായീകരിച്ചുകൊണ്ട് പ്രോത്സാഹിപ്പിക്കുന്നുണ്ട്. പക്ഷെ അതു തികച്ചും ഖേദകരം തന്നെയാണ്.

മോഷണത്തിൽ മറ്റൊരാളുടെ പണം മുതൽ വസ്തുക്കളിൽ എന്തും ഉൾപ്പെടുന്നതാണ്. ചെറുതും വലുതും എന്ന് മനുഷ്യർ അതിനെ വേർതിരിക്കുന്നുണ്ട് എന്നതു നിങ്ങൾ കേട്ടിരിക്കാം. അതു ലൗകികമോ മതപരമോ ആകാം. വ്യക്തിപരമായോ പൊതുവായോ ചെയ്തെന്നു വരാം. എന്നാൽ കുറ്റം ചെറുതായാലും, വലുതായാലും, എവിടെ ചെയ്താലും, ചെയ്ത വ്യക്തി ആരായാലും, സാഹചര്യം എന്തുതന്നെയായാലും മോഷണം കുറ്റകരം തന്നെയാണ്. കാരണം അതു ദൈവകല്പനയെ ലംഘിക്കുന്നതാണ്. ആകയാൽ അതു പാപമായി ദൈവം കണക്കിടുന്നു.

പത്തു കല്പനകളിൽ ആദ്യം ഇത് നല്കപ്പെട്ടിരുന്നെങ്കിലും മോശയുടെ ന്യായപ്രമാണം നീങ്ങപ്പെട്ടതോടെ ഇതും നീങ്ങപ്പെട്ടു. (യോഹന്നാൻ 1:17; മത്തായി 5:17–18; എബ്രായർ 10:8–10). പക്ഷെ ഇന്നു നമ്മെ ബാധിക്കുന്ന പുതിയ നിയമത്തിൽ യേശുക്രിസ്തു ഈ നിയമം ഉൾപ്പെടുത്തിയിരിക്കയാൽ മോഷ്ടിക്കുന്നത് ഇപ്പോഴും കുറ്റകരമാണ്. എല്ലാ സ്ഥലത്തും ഏതു സമയത്തും മനുഷ്യരെ കാർന്നു തിന്നുന്ന ഒരു വ്യാധി അല്ലെങ്കിൽ ഒരു ബാധയാണ് മോഷണം. അതുകൊണ്ടു തന്നെയാണ് സമൂഹത്തിൽ നിന്നു അതു നിഷ്ക്കാസനം ചെയ്യുവാനായി പുതിയ പ്രമാണത്തിൽ മോഷ്ടിക്കരുത് എന്നു പറഞ്ഞിരിക്കുന്നത്.

ഈ പ്രവർത്തിയെ വെളിപ്പെടുത്തുന്നതിനുവേണ്ടി ധാരാളം പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ആദ്യമായി നാം എടുക്കുവാൻ പോകുന്നത്, മോഷ്ടിക്കുന്നതിനെകുറിച്ചാണ്. അപ്പൊസ്തലനായ പൗലൊസ്

ഒരു ചോദ്യം ചോദിക്കുന്നുണ്ട്: ഹേ, അന്യനെ ഉപദേശിക്കുന്നവനേ, നീ നിന്നെ തന്നെ ഉപദേശിക്കാത്തത് എന്ത്? മോഷ്ടിക്കരുത് എന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? (റോമർ 2:21). വീണ്ടും അവൻ പറയുന്നത്, കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം ചെയ്യുവാൻ ഉണ്ടാകേണ്ടതിന്നു കൈകൊണ്ടു നല്ലതു പ്രവർത്തിച്ചു അദ്ധ്വാനിക്കയത്രേ വേണ്ടത് (എഫെസ്യർ 4:28). കള്ളന്റെ ഉദ്ദേശമെന്തെന്നു കർത്താവു പറയുന്നത് ശ്രദ്ധിക്കുക; മോഷ്ടിപ്പാനും, അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. ഈ വാക്യങ്ങളിൽ നിന്നും നമുക്ക് മനസ്സിലാകുന്നത്, മോഷണം എന്നതു തെറ്റും ശിക്ഷിക്കപ്പെടേണ്ടതുമാണ് എന്നത്രെ. ഇനി കവർച്ച ചെയ്യുന്നതും ഒരുതരം മോഷണമാണ് എന്നു നമുക്കുകാണാം. യേശുക്രിസ്തു പറയുന്നത് എന്തെന്നാൽ, "ആമേൻ ആമേൻ" ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻതൊഴുത്തിൽ വാതിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു (യോഹന്നാൻ 10:1).

മോഷണം നടത്തുന്ന വ്യക്തിയെ കള്ളൻ എന്നാണല്ലോ വിളിക്കുന്നത്. ആ പദപ്രയോഗത്തെ ഒന്ന് അവലോകനം ചെയ്യാം. 'പുഴുവും' തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്; പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ; നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും എന്നു നമ്മുടെ രക്ഷിതാവ് ഓർമ്മിപ്പിച്ചിരിക്കുന്നു (മത്തായി 6:19-21). അന്യായം ചെയ്യുന്നവർ, കള്ളന്മാർ, പിടിച്ചു പറിക്കാർ, അത്യാഗ്രഹികൾ, മദ്യപൻമാർ തുടങ്ങിയവർ ദൈവരാജ്യം അവകാശമാക്കുകയില്ലെന്ന് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നു. "നിങ്ങളിൽ ആരും കുലപാതകനോ കള്ളനോ ദുഷ്പ്രവൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്, പരക്കാര്യത്തിൽ ഇടപെടുന്നവനുമായിട്ടുമല്ല; ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രെ വേണ്ടത്" ഈ ദുഷ്കർമ്മത്തിന്റെ ആവിർഭാവത്തെ കുറിച്ച് യേശുക്രിസ്തു പ്രസ്താവിച്ചത് ഇപ്രകാരമത്രെ; ദുശ്ചിന്ത, കുലപാതകം, വ്യഭിചാരം, പരസം

ഗം, മോഷണം എന്നിവ ഹൃദയത്തിൽ നിന്നും പുറപ്പെടുന്നു. ഇതിന്റെയെല്ലാം ആരംഭസ്ഥാനം ഹൃദയം ആണ്. മോഷണം, പിടിച്ചുപറി, കള്ളത്തരം എന്നീ ദുഷ്പ്രവണതകൾ മനുഷ്യർക്കെതിരായി പ്രവർത്തിക്കുന്നതാണെങ്കിലും ദൈവകല്പനയെ ധിക്കരിക്കുന്നതുകൊണ്ട് പാപമാണ്.

ചില കള്ളന്മാരെ കുറിച്ച് ബൈബിളിൽ പ്രതിപാദിച്ചിട്ടുണ്ട്. യെരിഹോ മതിൽ വീണശേഷം ആഖാൻ ശപഥാർപ്പിതം എടുത്തുകൊണ്ടുവന്നു. ഇതു ദൈവം വിലക്കിയിരുന്നതാണ്. തന്റെ ഈ പാപഫലമായി ഹായി പട്ടണക്കാരിൽ നിന്നും യിസ്രായേൽ പരാജയം ഏറ്റുവാങ്ങി. യോശുവ ഇതിനെ കുറിച്ച് ദൈവത്തോട് അപേക്ഷിച്ചപ്പോൾ ദൈവം പറഞ്ഞത്, യിസ്രായേലിന്റെ പാളയത്തിൽ പാപം ഉണ്ടെന്നും അതു നീക്കി കളയേണ്ടത് ആവശ്യമാണെന്നും അവനോടു ദൈവം പറഞ്ഞു. എങ്കിൽ മാത്രമെ ദൈവം, ഭാവിയിലുള്ള എല്ലാ യുദ്ധത്തിലും യിസ്രായേലിനോടുകൂടെ ഇരിക്കുകയുള്ളൂ എന്നു താക്കീതു നല്കി. ജനമദ്ധ്യേ വന്ന് യോശുവ ആഖാനോട് അവൻ കുറ്റക്കാരനോ എന്ന് അന്വേഷിക്കുകയുമുണ്ടായി.

പിന്നീടു നാം വായിക്കുന്നത്, ആഖാൻ യോശുവയോടു: ഞാൻ യിസ്രായേലിന്റെ ദൈവമായ യഹോവയോട് പിഴെച്ചു ഇന്നിന്നതു ചെയ്തിരിക്കുന്നു സത്യം. ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായൊരു ബാബിലോന്യ മേലങ്കിയും ഇരുന്നൂറു ശേക്കൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു മോഹിച്ചു എടുത്തു; അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു; വെള്ളി അടിയിൽ ആകുന്നു എന്നുത്തരം പറഞ്ഞു (യോശുവ 7:20–21). പരിശോധിച്ചപ്പോൾ ആഖാൻ പറഞ്ഞതു സത്യമാണെന്നു കണ്ടു. അവൻ ഈ വസ്തുക്കൾ മോഷ്ടിച്ചതുകൊണ്ട് ദൈവത്തെ അനുസരിക്കാതിരുന്നു. തൽഫലമായി ഹായി പട്ടണക്കാരുമായുള്ള യുദ്ധത്തിൽ യിസ്രായേലിൽ അനേകർ മരണമടഞ്ഞു. ഇപ്പോൾ അവൻ തന്റെ ഈ പാപത്തിനു പിഴ കൊടുക്കേണ്ടി വന്നു. 'ആഖാനെയും അവനുള്ള സകലരേയും മോഷണവസ്തുക്കളോടുകൂടെ ആഖോർ താഴ്വരയിൽ കൊണ്ടുപോയി. യിസ്രായേൽ എല്ലാം അവനെ കല്ലെറിഞ്ഞു; അവരെ തീയിൽ ഇട്ടു ചുട്ടുകളയുകയും കല്ലെറിയുകയും ചെയ്തു. ഇതു വളരെ കഠിനമായ ശിക്ഷയായി പോയി എന്ന് ഒരു

പക്ഷെ ചിലർ വിചാരിച്ചേക്കാം. എന്നാൽ അവൻ ചെയ്ത കുറ്റത്തെക്കുറിച്ച് ഒന്ന് ഓർമ്മിച്ചുനോക്കുക. മോഷണമോ മറ്റേതൊരു തരത്തിലുള്ള പാപമായാലും കുറ്റം ചെയ്യുന്നവൻ അപ്പോൾ അല്ലെങ്കിൽ ഭാവിയിൽ ശിക്ഷിക്കപ്പെടും എന്നതു തർക്കമറ്റ കാര്യമാണ്. അതിൽനിന്നും ഒഴിഞ്ഞുമാറാവുന്നതല്ല. ഒരാൾ പാപം ചെയ്യുവാൻ തീരുമാനിക്കുന്നതിനു മുൻപ് അതിന്റെ ഫലം അനുഭവിക്കാൻ ഒരുക്കമാണോ എന്നു സ്വയം ചോദിക്കുക. അതിനു തയ്യാറില്ലെങ്കിൽ ആ തെറ്റു ചെയ്യാതിരിക്കുകയാണ് നല്ലത് (റോമർ 6:23).

തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന കള്ളന്മാരിൽ ഇസ്ക്കാര്യോത്താ യൂദയും ഉൾപ്പെടുന്നു. അവൻ പന്ത്രണ്ട് അപ്പൊസ്തലൻമാരിൽ ഒരാളായിരുന്നു; പണസഞ്ചി സൂക്ഷിച്ചിരുന്നവനുമായിരുന്നു. പിന്നീട് അവൻ മുപ്പതു വെള്ളിക്കാശിനു ക്രിസ്തുവിനെ ഒറ്റിക്കൊടുക്കുകയാണു ചെയ്തത്. യോഹന്നാൻ 12-ാം അദ്ധ്യായം 6-ാം വാക്യത്തിൽ അവനെ കള്ളൻ എന്നു പറഞ്ഞിരിക്കുന്നു. യെരുശലേം ദേവാലയത്തിൽ പൊൻവാണിഭക്കാരുടെ പ്രവൃത്തി അവിടെ വരുന്ന ആളുകളെ വഞ്ചിക്കുന്നതാകയാൽ അവരെ കള്ളന്മാർ എന്നു പറയുന്നുണ്ട് (മത്തായി 21:13). രണ്ടു കള്ളന്മാർക്കിടയിലായിരുന്നു യേശുവിനെ ക്രൂശിൽ തറച്ചത്. അനന്യാസും സഫീറയും തങ്ങളുടെ നിലം വിറ്റു കിട്ടിയതിൽ ഒരംശം മാറ്റിവെച്ചശേഷം ബാക്കി കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാൽക്കൽ വെച്ചു. എന്നാൽ തങ്ങൾക്കുള്ളതു മുഴുവൻ കൊടുക്കുന്നു എന്ന വ്യാജേനയാണ് അവർ അതു ചെയ്തത്. പക്ഷെ അവർ കാണിച്ച കള്ളത്തരം കൊണ്ട് രണ്ടുപേരും ഉടനെ വീണു പ്രാണനെ വിട്ടു.

ഇന്നു മോഷ്ടിക്കുന്നവർ നമ്മുടെ ഇടയിൽ ഉണ്ടോ? അപഹരിക്കുന്നവർ ആരെങ്കിലും ഉണ്ടോ? ചതിക്കുന്നവർ, ചൂഷണം ചെയ്യുന്നവർ, തെറ്റായ അവകാശവാദങ്ങൾ ഉന്നയിക്കുന്നവർ, കള്ളക്കടത്തുകാർ, കബളിപ്പിക്കുന്നവർ, അങ്ങനെ ഇത്തരത്തിലുള്ള മറ്റനേകം സ്വഭാവക്കാർ ഉണ്ടോ? മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ലോകത്തിൽ കള്ളന്മാർ ഉണ്ടോ എന്ന ചോദ്യത്തിനുള്ള ഉത്തരം ഉണ്ട് എന്നുതന്നെയാണ്. ലോകം മുഴുവനും ഇത്തരം ആളുകളെ കാണാൻ കഴിയും.

ചില ആളുകൾ തിരക്കുള്ള സ്ഥലങ്ങളിലും വാഹനങ്ങളിലും

കടന്നു പോക്കറ്റടിക്കാറുണ്ട്. കുറെ ആളുകൾ ഇതിനെ ന്യായീകരിക്കാറുണ്ട്. അവർ പറയുന്നത്, പണക്കാരിൽ നിന്നല്ലേ അവർ ഇങ്ങനെ ചെയ്യുന്നത്. ഈ എടുക്കുന്നവർക്ക്, സമ്പാദ്യമുള്ളവരേക്കാൾ ആവശ്യം ഉള്ളതുകൊണ്ടല്ലേ അതു ചെയ്യുന്നത് എന്നെല്ലാം പറഞ്ഞു കേൾക്കാറുണ്ട്. അതു തെറ്റിനെ പ്രോൽസാഹിപ്പിക്കുവാൻ ഉതകുകയേയുള്ളൂ. കുട്ടികൾ പരീക്ഷയിൽ കോപ്പിയടിക്കുന്നു; കൂട്ടുകാരെ വഞ്ചിക്കുന്നു; ഗവൺമെന്റിന് നികുതി കൊടുക്കാതിരിക്കുന്നു. വേറെ ചിലർ വീടുകൾ, ബാങ്കുകൾ, കടകൾ എന്നിവ കുത്തിതുറന്നു മോഷണം നടത്താറുണ്ട്. മോഷണമായാലും അപഹരണമായാലും അതൊന്നും മൂടി വെക്കാവുന്നതല്ല. മറ്റുള്ളവരിൽനിന്നും മുതലെടുപ്പു നടത്തുക, അധിക ചാർജ് ഈടാക്കുക, ചതിക്കുക, മറ്റുള്ളവർക്കു വീഴ്ച വരുത്തുക തുടങ്ങിയവയെല്ലാം മോഷണത്തിൽ പെടുന്നു. ഏറ്റവും ഹീനമായ ഒന്നാണ് ദൈവത്തിനു പൂർണ്ണമായും അവകാശപ്പെട്ടതിനെ അപഹരിക്കുന്നത്. അനേക ക്രിസ്ത്യാനികൾ ഈ കുറ്റമുള്ളവരത്രെ. ദൈവം, തന്റെ വേലക്കായി തന്റെ ജനത്തിന്റെ വരുമാനത്തിന്റെ ഒരു ഭാഗം നൽകുവാൻ കൽപ്പിച്ചിട്ടുണ്ട്. പഴയ നിയമത്തിൽ പത്തിലൊന്ന് അതായത് ദശാംശം കൊടുക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇന്ന് പുതിയ നിയമകാലത്ത്, ദൈവം പറഞ്ഞിരിക്കുന്നത്, അവനവൻ തന്റെ ഹൃദയത്തിൽ നിശ്ചയിച്ചതു പോലെ കൊടുക്കട്ടെ എന്നാണ് (1കൊരിന്ത്യർ 16:1–2; 2 കൊരിന്ത്യർ 9:7). നാം അപ്രകാരം ചെയ്യുന്നില്ലെങ്കിൽ ദൈവത്തെ അപഹരിക്കുകയായിരിക്കും ചെയ്യുന്നത്. യിസ്രായേൽ ജനം ദശാംശത്തിലും വഴിപാടിലും ദൈവത്തെ തോൽപ്പിച്ചിരുന്നു. അതുകൊണ്ട് അവർ ശാപഗ്രസ്തരായിത്തീർന്നു. നാം ചെയ്യുന്ന പ്രവർത്തികൾക്കു ഫലം തരുന്നതു ദൈവമാണ്. അവൻ തരുവാനും തരാതിരിക്കാനും പ്രാപ്തനാണ്. നാം ദൈവത്തിനു കൊടുക്കുമ്പോൾ പിശുക്കു കാണിക്കരുത്. കാരണം ലോഭമായി വിതക്കുന്നവൻ ലോഭമായി കൊയ്യും, ധാരാളമായി വിതക്കുന്നവൻ ധാരാളമായി കൊയ്യും എന്നു ഓർത്തുകൊൾവിൻ. മലാഖിയുടെ പുസ്തകത്തിൽ നാം വായിക്കുന്നതു പോലെ ഒരിക്കലും ദൈവത്തെ തോൽപ്പിക്കരുത്. അവൻ സർവ്വശക്തനും ദായകനും ആകുന്നു.

ക്രിസ്തുവിന്റെ നിയമത്തിൻ കീഴിൽ ജീവിക്കുന്ന നാം നമ്മുടെ

കഴിവനുസരിച്ച് കൊടുക്കുവാൻ ബാദ്ധ്യസ്ഥരാണ്. ശാഠ്യത്താലോ നിർബ്ബന്ധത്താലോ പിരിക്കുന്ന ഒരു സമ്പ്രദായം ദൈവവിരുദ്ധമാണ്. ദൈവത്തിനുള്ളത് നാം ഒരിക്കലും പിടിച്ചു വെക്കരുത്. അങ്ങനെ ചെയ്താൽ അതിന്റെ ഫലം അനുഭവിക്കേണ്ടി വരും. ഒരാൾ മോഷ്ടിക്കുകയും അതിനു വില കൊടുക്കാതിരിക്കുകയും ചെയ്യുക അസംഭവ്യമത്രെ.

ഈ മോഷണത്തെ തരണം ചെയ്യുവാനുള്ള ഏക വഴി, അത് ഉപേക്ഷിക്കുക എന്നതാണ്. അതാണ് തിരുവെഴുത്തിൽ സൂചിപ്പിച്ചിരിക്കുന്ന മാനസാന്തരം. അപ്പൊസ്തലനായ പൗലൊസ് പറയുന്നത്, "കള്ളൻ ഇനി കക്കാതെ മുട്ടുള്ളവനു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിനു കൈ കൊണ്ടു നല്ലതു പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രെ വേണ്ടത്" (എഫെസ്യർ 4:28), ഏതു തരം മോഷണമായിരുന്നു എന്നു തരം തിരിക്കാതെ അതിനെ വിട്ടുകളഞ്ഞ് നിങ്ങളോടും മറ്റുള്ളവരോടും സത്യസന്ധത പുലർത്തുക. നിങ്ങൾക്കുള്ളത് ഏത്, മറ്റുള്ളവർക്കുള്ളത് ഏത് എന്നു തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നതാണ് ബുദ്ധി. നിങ്ങളുടെ ജോലിസ്ഥാപനത്തിലായാലും, ഗവൺമെന്റിന്റേതായാലും, കുടുംബത്തിന്റേതായാലും അതു നിങ്ങൾക്കു നഷ്ടപ്പെടുകയോ നിങ്ങൾ അതിനു വില കൊടുക്കുകയോ ചെയ്യാതെ അതു കൈവശമാക്കരുത്. സത്യസന്ധതക്കു പകരം മറ്റൊന്നില്ല.

✶

## ഭൗതികമോ ആത്മികമോ?

ഈ കാലത്ത് കേൾക്കാറുള്ള ഒരുകാര്യം, ധാരാളം പ്രാർത്ഥനാ ഗ്രൂപ്പുകൾ അവിടവിടെയായി കാണപ്പെടുന്നു എന്നതാണ്, കൂടുതൽ പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുക, അന്യോന്യം സംസാരത്തിലും പ്രവൃത്തിയിലും സ്നേഹ പ്രകടനം നടത്തുക ഇവയെല്ലാം സാധാരണ ചില സംഘടനകളിൽ കാണപ്പെടാറുണ്ട്. ഇവ സമൂഹത്തിൽ ഉയർന്ന ഒരു തരം തോന്നൽ അവരെ കുറിച്ച് പരക്കുവാൻ സഹായിച്ചിട്ടുണ്ട്. അതെല്ലാം ആത്മീയമാണോ അതോ വെറും ചടങ്ങുകളാണോ എന്നതാണ് ചിന്തനീയം. ഈ ഗ്രൂപ്പുകളുടെയെല്ലാം ഉദ്ദേശത്തെ കുറിച്ചും പൊതുസ്വഭാവത്തെ കുറിച്ചും മനസ്സിലാക്കാതെ

അവയെ സംബന്ധിച്ച് ശരിയായ ഒരു നിഗമനത്തിൽ എത്തിച്ചേരാൻ പ്രയാസമാണ്.

ബൈബിളിൽ ആത്മീയമെന്നു പറയുമ്പോൾ അതെന്തെന്നുകൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ പ്രാർത്ഥനകളിലും സംഭാഷണങ്ങളിലും അധിക പങ്കും ആത്മികവും ഭൗതികവുമായ കാര്യങ്ങളെ കുറിച്ചു പ്രതിപാദിക്കുന്നു. അവ പരസ്പരം മാറ്റിനിർത്തിയിട്ടുള്ളതായി കരുതപ്പെട്ടിട്ടുണ്ട്. ആത്മീയം എന്നതിന്റെ നിർവ്വചനം മനുഷ്യനിർമ്മിതമായ നിഘണ്ടുവിൽ നിന്നെടുക്കുമ്പോൾ അത് ദൈവോദ്ദേശപരമായിരിക്കുകയില്ല. വസ്തുക്കളാൽ ഉണ്ടാക്കപ്പെടുന്നവയല്ലെങ്കിൽ ഒരു പക്ഷെ ആത്മീയമാണ് എന്ന അർത്ഥമാണ് അതിന് അവർ നൽകിയിരിക്കുന്നത്. അതു വാസ്തവ വിരുദ്ധമാണെന്നു ബൈബിൾ വായിക്കുമ്പോൾ മനസ്സിലാകും. ഉദാഹരണമായി ഗലാത്യർ 6:1–ൽ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. "സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയെങ്കിൽ ആത്മികരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ." നമ്മുടെ ചിന്തയിലും ഭാഷയിലും കടന്നുകൂടിയിരിക്കുന്നത് അധികവും കഴിഞ്ഞകാല തത്വചിന്തകരായിരുന്ന വ്യക്തികളുടെ അഭിപ്രായങ്ങളാണ്. എന്നാൽ അതിനേക്കാൾ അർത്ഥസൂചകവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ ആണ് ബൈബിളിൽ എല്ലാവർക്കുമായി നൽപ്പെട്ടിരിക്കുന്നത്.

മുന്തിരിവള്ളി എന്ന വാക്ക് 10 രീതികളിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അതിന്റെയെല്ലാം അടിസ്ഥാനപരമായ അർത്ഥം വൈപരീത്യത്തെ ജനിപ്പിക്കുന്നില്ല. അതുപോലെ ആത്മീയമെന്ന വാക്കിന്റേയും പൊതുവായ അർത്ഥത്തിൽ, വാക്യാനുബന്ധത്തിൽ വ്യത്യാസം കണ്ടെത്തുവാൻ സാദ്ധ്യമല്ല. ഓരോ സാഹചര്യത്തിലും സൂചിപ്പിച്ചിരിക്കുന്നതു അതു തെളിയിക്കപ്പെടുന്നുണ്ട്. ഗലാത്യർ 6:1 –ൽ പറഞ്ഞിരിക്കുന്ന വാക്കിന്റെ അർത്ഥം വളരെ സ്പഷ്ടമായിട്ടാണ് വിവരിച്ചിരിക്കുന്നത്. ആത്മീയം എന്ന വാക്കിന്റെ അർത്ഥം, ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന, നിയന്ത്രിക്കപ്പെടുന്ന, ഉണ്ടാക്കപ്പെടുന്നവ എന്നതാണ്. അതു മനസ്സിൽ സങ്കല്പിച്ചുകൊണ്ടു പുതിയ നിയമം മുഴുവൻ വായിച്ചാൽ അവിടെ പറഞ്ഞിരിക്കുന്ന ഈ വാക്കുകളെല്ലാം തന്നെ എത്രമാത്രം ഒന്നിനൊന്നു യോജിക്കുന്നവയാ

ണെന്നു മനസിലാക്കാം.

റോമർ 1–ാം അദ്ധ്യായം 11–ാം വാക്യത്തിൽ പ്രസ്താവിക്കുന്ന ആത്മീയ വരങ്ങളാണ് 1 കൊരിന്ത്യർ 12–ാം അദ്ധ്യായം 1 മുതൽ 3 വരെയുള്ള വാക്യങ്ങളിൽ അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത്. ആത്മാവിനാൽ ലഭിച്ചതായ വരങ്ങളായിട്ടാണ് ഈ ഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നത് (1 കൊരി. 12:8). ആത്മീയമെന്നതിനെകുറിച്ചു പറഞ്ഞിട്ടുള്ള എല്ലാ വാക്യങ്ങളും എടുത്തു പറയുവാൻ സ്ഥലപരിമിതി അനുവദിക്കാത്തതുകൊണ്ട് ഏതാനും വാക്യങ്ങൾ നമുക്കു നോക്കാം. "ന്യായപ്രമാണം ആത്മികം എന്നു നാം അറിയുന്നുവല്ലോ" (റോമർ 7:14). അതായത്, ന്യായപ്രമാണം ദൈവാത്മാവിനാൽ നയിക്കപ്പെട്ടവയായിരുന്നു എന്നർത്ഥം. അപ്പൊസ്തലൻമാരുടെ ഉപദേശത്തെക്കുറിച്ചു പറയുമ്പോൾ പൗലൊസ് പറയുന്നതു വായിക്കുമ്പോൾ, "അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാലല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽതന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മികൻമാർക്ക് ആത്മികമായതു തെളിയിക്കുന്നു" എന്നു കാണുന്നു. പുനരുത്ഥാനത്തെപ്പറ്റി പറയുമ്പോഴും ആത്മീയമെന്നതിനെ വിവരിക്കുന്നതു നോക്കുക: പ്രാകൃതശരീരം വിതയ്ക്കപ്പെടുന്നു. ആത്മികശരീരം ഉയിർക്കുന്നു; പ്രാകൃതശരീരം ഉണ്ടെങ്കിൽ ആത്മികശരീരവും ഉണ്ട്. രണ്ടാം മനുഷ്യനായ ആദാം ജീവിപ്പിക്കുന്ന ആത്മാവായി. എന്നാൽ ആത്മികമല്ല; പ്രാകൃതമത്രെ ഒന്നാമത്തേത്. ആത്മികം പിന്നത്തേതിൽ വരുന്നു. നാം എല്ലാവരും ശരീരമുള്ളവരായിരിക്കും. അത് ആത്മികശരീരവും ആയിരിക്കും. കണ്ണിമയ്ക്കുന്നതിനിടയിൽ ദൈവാത്മാവിനാൽ ഉണ്ടാകുന്ന ഒരു രൂപാന്തരമാണ് ഇവിടെ നടക്കുന്നത്.

പഴയ നിയമകാലത്തു ജീവിച്ചിരുന്ന യിസ്രായേൽ ഒരേ ആത്മിക ആഹാരം ഭക്ഷിച്ചും ഒരേ ആത്മിക പാനീയം കുടിച്ചും ഇരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അവർക്ക് മരുഭൂമിയിൽ ദൈവം മന്നാ പൊഴിച്ചുകൊടുത്തു; പാറയിൽനിന്നും ജലം ഒഴുക്കിക്കൊടുത്തു. ഇതു രണ്ടും ദൈവാത്മാവിനാൽ ഉണ്ടാക്കി കൊടുത്തതിനാലാണ് ആത്മികമെന്നു വിവക്ഷിച്ചിരിക്കുന്നത്. അത് പ്രകൃതിദത്തമായിരുന്നില്ല. അല്ലെങ്കിൽ പ്രകൃതിനിയമമനുസരിച്ചുണ്ടായതല്ല എന്നർത്ഥം. അവിടെ പറഞ്ഞിരിക്കുന്ന പാറ ക്രിസ്തുവാണ് എന്നത്

ആത്മീയ അർത്ഥത്തെ വെളിപ്പെടുത്തുന്നു. അവർ പാറയിൽനിന്നു കുടിച്ചു. എങ്കിൽ ക്രിസ്തുവിൽ ആയി തീരുന്നവർക്ക് അവൻ ജീവ ജലം സൗജന്യമായി നൽകുന്നു. ഭൗതികമായ ദാഹശമനമല്ല ഇതിന്റെ ഫലം. ആത്മീയ ദാഹശമനമാണ്.

സ്വർഗ്ഗത്തിലെ സകല ആത്മിക അനുഗ്രഹത്താലും നമ്മെ അനുഗ്രഹിക്കുകയാണ് അവന്റെ സഭയിലൂടെ. ആത്മീയം എന്നാൽ ആത്മാവിനാൽ ഉണ്ടാക്കപ്പെടുകയോ നയിക്കപ്പെടുന്നവയോ എന്നതാണ് അർത്ഥം. മനുഷ്യബുദ്ധിയാലോ ശക്തിയാലോ, പ്രവൃത്തിയാലോ നേടാവുന്ന ഒന്നല്ല പാപമോചനം. അതു ദൈവത്തിന്റെ ദാനമാണ്; കൃപയാണ്. പുതിയ നിയമത്തിൽ ആത്മിക ഗീതങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആത്മാവിൽ നിറയുന്നതിന്റെ ഫലമായി ഹൃദയത്തിൽ നിന്നു സന്തോഷത്തോടെ പുറപ്പെടുന്നതാണ് ഇത്. സമാന്തരമായ മറ്റൊരു വസ്തുത എന്തെന്നാൽ ദൈവവചനം ധനികമായി നമ്മിൽ വസിക്കുന്നതിന്റെ ബാഹ്യപ്രകടനമാണ്. പഠിപ്പിക്കുന്നതിനും ബുദ്ധിയുപദേശിക്കുന്നതിനും സഹായകരമാണ് ഈ ആത്മികഗീതം. ദൈവകൽപ്പന നാം അനുസരിക്കുന്നു; അതു മറ്റുള്ളവർക്കും വേണ്ടതാണെന്ന് അവരെ ബോധ്യപ്പെടുത്തുകയാണ് ഇതിൽ നാം ചെയ്യുന്നത് (കൊലൊസ്യർ 3:16). മനോഹരമായ വാക്കുകൾ നിറഞ്ഞു നിൽക്കുന്നതുകൊണ്ടോ പ്രത്യേക അനുഭൂതി ഉണ്ടാകുന്നതുകൊണ്ടോ അത് ആത്മികമെന്നു പറയുക സാദ്ധ്യമല്ല. പാട്ടു പാടുന്ന വ്യക്തിയുടെ വാക്കുകളും പ്രവൃത്തികളും ക്രിസ്തുവിന്റെ വചനമനുസരിച്ചുള്ളതാണെങ്കിൽ മാത്രം അത് ആത്മികമെന്നു വിശ്വസിക്കാം. ഒരാൾക്കു വേണമെങ്കിൽ മദ്യപിച്ചുകൊണ്ട് വളരെ മനോഹരമായി പാടുവാൻ കഴിഞ്ഞേക്കാം. പക്ഷെ അത് ആത്മിയമല്ല.

ക്രിസ്ത്യാനികൾ ആത്മിയഗൃഹമായി പണിയപ്പെടുന്നവരാണ്. ദൈവാത്മാവിനാൽ ഉൽപ്പാദിക്കപ്പെട്ട സഭ മാത്രമാണ് ആത്മിയ സഭ. അല്ലാത്തത് ഏതും ഭൗതികമാണ് (1 പത്രൊസ് 2:4). അവർ കർണ്ണരസമാകുമാറ് പാടിയേക്കാം. കൂട്ടായ്മ വളരെ ഉദാത്തവുമായിരിക്കാം. എന്നാൽ ദൈവം സ്വീകരിക്കണമെങ്കിൽ ആത്മിയമായിരിക്കണം; ദൈവത്തിന് സൗരഭ്യവാസനയായിരിക്കണം. ദൈവത്താൽ ആജ്ഞാപിക്കപ്പെട്ട യാഗം ആത്മിയമല്ല എന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? എന്റെ വിവേചനബുദ്ധി ശരിയാണെങ്കിൽ എബ്രായർ 13:15

-ൽ പറയുന്ന യാഗവും പുകഴ്ചയും എഫേസ്യർ 5:19-ൽ പറയുന്നതുപോലെ ആത്മീയം തന്നെയാണ്. എഫേസ്യർക്കെഴുതിയ ലേഖനം 6-ാം അദ്ധ്യായം 12-ാം വാക്യത്തിൽ പറയുന്നത്, "നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ" എന്നാണ്. ദുഷ്ടത ഒരിക്കലും ദൈവത്തിൽ നിന്നു വരികയില്ല. സാത്താനും അവന്റെ സേനയും ദൈവേഷ്ടപ്രകാരമുള്ളവരല്ല. അവർ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരായിരുന്നെങ്കിലും ഉദ്ദേശം വ്യത്യസ്തമായിരുന്നു.

പുതിയ നിയമത്തിൽ ആത്മീയം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന്റെ ആത്മാവിനാൽ ഉത്ഭവിക്കുന്നതോ നയിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. അല്ലാതെ ഒരാളുടെ ഉള്ളിലുള്ള വിചാരത്തിലോ തോന്നലിലോ ഒതുങ്ങിനിൽക്കുന്ന വിശുദ്ധിയെ സൂചിപ്പിക്കുന്നതിനല്ല. നമ്മുടെ ആരാധന കൂടുതൽ ആത്മീയമാകേണ്ടതു ബാഹ്യമായ ഒരു തോന്നൽ അല്ലെങ്കിൽ കാഴ്ചപ്പാടിനെ ആസ്പദമാക്കിയല്ല; മറിച്ച് ദൈവാത്മാവിലുള്ള പ്രചോദനവും പ്രബോധനവും വർദ്ധിക്കുന്നതനുസരിച്ചായിരിക്കണം. ജനങ്ങളുടെ വികാരത്തെ ചലിപ്പിക്കുന്ന എത്രയോ ആത്മീയമല്ലാത്ത കാര്യങ്ങൾ ഇന്നു മതപരമായി ചെയ്യിക്കുന്നുണ്ട്. എന്നാൽ നാം ഒന്നു മറക്കരുത്; അതായത്, നമ്മുടെ വിചാരങ്ങൾ, സംസാരങ്ങൾ, പ്രവൃത്തികൾ ദൈവത്തിന്റെ ആത്മാവിനാൽ പുറപ്പെടുന്നതായിരിക്കണം.

*

## ചർച്ച് (സഭ)

ചർച്ചിനെ കുറിച്ചു ഇന്നു നമ്മുടെ മദ്ധ്യേ രണ്ടു പ്രസ്താവനകൾ പറഞ്ഞു കേൾക്കുന്നുണ്ട്. ക്രിസ്തു സഭ സ്ഥാപിച്ചുവെന്നും ക്രിസ്തു സഭ സ്ഥാപിച്ചിട്ടില്ലായെന്നുമുള്ളതാണു ഈ രണ്ടു പ്രസ്താവനകളും, ഇതു രണ്ടും പരസ്പര വിരുദ്ധങ്ങളുമാണ്. അതിനാൽ ഒന്നു ശരിയും മറ്റൊന്നു തെറ്റുമായിരിക്കും. എന്റെ അഭിപ്രായത്തിൽ ഈ രണ്ടു പ്രസ്താവനകളും ശരിയാണ്.

കാരണം ചർച്ചിനു, പള്ളിയെന്നും കൂട്ടമെന്നും രണ്ടു അർത്ഥങ്ങളാണ് കല്പിച്ചിരിക്കുന്നത്. ചർച്ചിനു പള്ളിയെന്ന അർത്ഥത്തി

ലൂടെ നോക്കുമ്പോൾ അപ്പൊസ്തലനായ പൗലൊസ് പറയുന്നു "കൈപ്പണിയായ ക്ഷേത്രങ്ങളിൽ ദൈവം വസിക്കുന്നില്ല." (അപ്പൊ. 17:24; 7; 48). ദൈവം വസിക്കാത്ത പള്ളികൾ അല്ലെങ്കിൽ ക്ഷേത്രങ്ങൾ ക്രിസ്തു സ്ഥാപിച്ചുവെന്നു പറഞ്ഞാൽ തികച്ചും തെറ്റാണ്. അതുകൊണ്ടു ക്രിസ്തു ഇവ സ്ഥാപിച്ചിട്ടില്ലയെന്നു പറഞ്ഞാൽ അതു ശരിയല്ലേ?

ചർച്ചിനു സമൂഹം അല്ലെങ്കിൽ കൂട്ടം എന്ന അർത്ഥത്തിലൂടെ നോക്കിയാൽ ക്രിസ്തു സഭ സ്ഥാപിച്ചതു ശരിയാണെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു സ്നാപക യോഹന്നാൻ യഹൂദ്യ മരുഭൂമിയിൽ പ്രസംഗിച്ചു" (മത്താ. 3:1, 2). ആ സ്വർഗ്ഗരാജ്യമാണ് സഭ. "അവരെ കൂട്ടാക്കാഞ്ഞാൽ സഭയോടു അറിയിക്കുക" യെന്നു ക്രിസ്തു പറയുകയുണ്ടായി (മത്താ. 18:17). "പൗലൊസും ബർന്നബാസും യെരുശലേമിൽ എത്തിയപ്പോൾ സഭയും അപ്പൊസ്തലൻമാരും അവരെ കൈക്കൊണ്ടു" (അ: പ്രവ: 15:4). "സഭ കൂടുമ്പോൾ നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടെന്നു പൗലൊസ് അപ്പൊസ്തലൻ കേട്ടതായി പറഞ്ഞു" (1 കൊരി. 11:18). സ്വകുടുംബത്തെ ഭരിപ്പാൻ അറിയാത്തവർ ദൈവസഭയെ എങ്ങനെ പരിപാലിക്കുമെന്നു പൗലൊസ് അപ്പൊസ്തലൻ ചോദിക്കുന്നു (1 തിമൊ. 3:5). ക്രിസ്തു സഭ സ്ഥാപിച്ചിരുന്നില്ലെങ്കിൽ ക്രിസ്തുവും ക്രിസ്തുവിന്റെ ശിഷ്യൻമാരും സഭയെ കുറിച്ചു ഇപ്രകാരം പറയുമായിരുന്നോ? "സഭയിൽ സ്ത്രീ സംസാരിക്കുന്നതു ഉചിതമല്ലായെന്നു പൗലൊസ് അപ്പൊസ്തലൻ പറയുന്നു" (1 കൊരി. 14; 35), എന്നാൽ ഇതിനെ മാനിക്കാതെ ചില സഭാ വിഭാഗങ്ങൾ സ്ത്രീകൾക്കു പൗരോഹിത്യം വരെ നൽകി ബൈബിളിനെതിരായി പ്രവർത്തിക്കുന്നു.

സഭ സ്ഥാപിച്ചതു ക്രിസ്തുവാണ്. മറ്റാരുമല്ല "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്താ. 16:18) എന്നു ക്രിസ്തു തന്നെ പത്രൊസിനോടു പറയുകയുണ്ടായി. "മനുഷ്യപുത്രൻ മനുഷ്യരുടെ കൈയിൽ ഏല്പിക്കപ്പെടുവാനിരിക്കുന്നു. അവർ അവനെ കൊല്ലുകയും മൂന്നാംനാൾ അവൻ ഉയർത്തെഴുന്നേല്ക്കുകയും ചെയ്യും" (മത്താ. 17; 22, 23) എന്നു ക്രിസ്തു മുൻകൂട്ടി ശിഷ്യൻമാരോടു പറയുകയുണ്ടായി. ഈ പ്രവചനം അക്ഷരാർത്ഥത്തിൽ സംഭ

വിച്ചതായി ബൈബിൾ വ്യക്തമാക്കുന്നു. ഇതു കൃത്യമായി സംഭവിച്ചുവെങ്കിൽ സഭ സ്ഥാപിക്കുമെന്നു പറഞ്ഞ ക്രിസ്തുവിന്റെ പ്രവചനം സംഭവിക്കാതിരിക്കുമോ? ക്രിസ്തു സ്ഥാപിച്ച സഭയ്ക്കു സ്ഥാപകന്റെ പേരും നൽകുകയുണ്ടായി. അങ്ങനെ ആരംഭം മുതൽ ആ സഭ ക്രിസ്തു സഭയെന്ന നാമത്തിൽ അറിയപ്പെട്ടു. പിൽക്കാലത്തു സ്വാർത്ഥമോഹിയായ മനുഷ്യൻ കത്തോലിക്കാ സഭ, പെന്തക്കോസ്ത് സഭ, യാക്കോബായ സഭ തുടങ്ങിയ നാമങ്ങളാൽ സഭയെ ക്രിസ്തുവിൽ നിന്നും അകറ്റിക്കൊണ്ടുപോയി. എന്നാൽ ക്രിസ്തു സഭ ഇതിനെയെല്ലാം അതിജീവിച്ചു നിലനില്ക്കുന്നുവെന്നതാണു സത്യം. ദൈവം പരിപാലിക്കുന്ന സഭയെ ഇല്ലായ്മ ചെയ്യുവാൻ മനുഷ്യനു സാധിക്കുകയില്ലല്ലോ.

ക്രിസ്തു എങ്ങനെ സഭ സ്ഥാപിച്ചുവെന്നു നോക്കാം. ശീമോൻ, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ തുടങ്ങിയവരെ ആദ്യമായി ക്രിസ്തു തന്റെ ശിഷ്യൻമാരാക്കി (മത്താ: 4:18–22). പിന്നെയും ക്രിസ്തു പലരേയും തന്റെ ശിഷ്യൻമാരായി ചേർത്തുകൊണ്ടു. അവരേയും കൂട്ടി ഗലീല ഒക്കെയും ചുറ്റി സഞ്ചരിച്ചു ജനങ്ങളെയും അവരേയും ഉപദേശിക്കുകയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും ജനത്തിലുള്ള സകല ദീനത്തേയും വ്യാധിയേയും സൗഖ്യമാക്കുകയും ചെയ്തു (മത്താ. 4:23–25). തന്റെ ശിഷ്യൻമാരെ പ്രാർത്ഥിപ്പാനും ക്രിസ്തു പഠിപ്പിച്ചു (മത്താ. 6:6; ലൂക്കോ 11:2–4) ക്രിസ്തു തന്റെ പന്ത്രണ്ടു ശിഷ്യന്മാരേയും പഠിപ്പിച്ചു കഴിഞ്ഞശേഷം സ്വർഗ്ഗരാജ്യം സമീപിച്ചതായി പ്രസംഗിപ്പാനും അത്ഭുതങ്ങൾ പ്രവർത്തിക്കുവാനും അവരെ പല ഗ്രാമങ്ങളിലേക്കും പറഞ്ഞയച്ചു (മത്താ. 10; 1–15). അവർ അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. സഭ സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ ക്രിസ്തു തന്റെ ജീവിതകാലത്തു ആരംഭിച്ചു.

പെന്തെകൊസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു പരിശുദ്ധാത്മാവു നിറഞ്ഞവരായി അവർ മാറുകയും അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങുകയും ചെയ്തു. അവരുടെ സംസാരം കേട്ടു പലരും വിശ്വസിച്ചു മാനസാന്തരപ്പെട്ടു സ്നാനം ഏല്ക്കുകയും ചെയ്തു (അ: പ്ര: 2:1–47). അന്നു തന്നെ ക്രിസ്തു സഭ സ്ഥാപിക്കുകയും അന്നുമുതൽ സഭ പ്രവർ

ത്തിച്ചു തുടങ്ങുകയും ചെയ്തു. ഇന്നും ആ സഭ ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

സഭയുടെ തലവൻ ക്രിസ്തുവല്ലാതെ മറ്റാരുമല്ല. "ദൈവം ക്രിസ്തുവിനെ എല്ലാത്തിനും മീതെ തലയാക്കി സഭയ്ക്കു തലവനായി നിർത്തിയിരിക്കുന്നു (എഫെ. 1:21-28). ആ ക്രിസ്തു തന്നെയാണ് ഇന്നും സഭയുടെ തല (എഫെ. 5:23). അവനല്ലാതെ മറ്റാരും തന്നെ തലവനായി സഭയ്ക്കില്ല. എന്നാൽ സഭാ വിഭാഗങ്ങൾ പോപ്പെന്നും പാത്രിയർക്കീസെന്നും പറഞ്ഞു സഭയുടെ തലവൻമാരായി ലോകത്തിൽ ആക്കിയിരിക്കുന്നു. തെറ്റായ പലതും വിശ്വാസികളെ പഠിപ്പിച്ചും അവരെ കൊണ്ടു പ്രവർത്തിപ്പിച്ചും അവരുടെ വിയർപ്പിന്റെ അംശങ്ങൾ ദൈവത്തിന്റെ നാമത്തിൽ സ്വീകരിച്ചു കൊണ്ടു സുഖലോലുപന്മാരായി ഇന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അവർ വിലസുന്നു. ന്യായവിധി ദിവസം അവരേയും അവരുടെ സിൽബന്ധികളെയും കള്ള പ്രവാചകൻമാരുടെ ഗണത്തിൽ ഉൾപ്പെടുത്തി ശിക്ഷിക്കുമെന്നു ബൈബിൾ തന്നെ വ്യക്തമാക്കുന്നു.

സഭയുടെ കേന്ദ്രം പല സഭാ വിഭാഗക്കാരും അവകാശപ്പെടുന്നതുപോലെ റോമാപുരിയോ, ലണ്ടനോ, അമേരിക്കയോ, സിലോണോ, തിരുവനന്തപുരമോ അല്ല. തലവനായ ക്രിസ്തു എവിടെ വസിക്കുന്നുവോ അവിടെയാണ് സഭയുടെ കേന്ദ്രം. ക്രിസ്തു ഇന്നു വസിക്കുന്നതു സ്വർഗ്ഗത്തിലാണ്. കാരണം ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു (ലൂക്കൊസ് 24:51). അതിനാൽ സഭയുടെ കേന്ദ്രം സ്വർഗ്ഗമാകുന്നു.

ക്രിസ്തുവിന്റെ നിയമങ്ങളല്ലാതെ ആരുടെയും നിയമങ്ങൾ സഭയിൽ പ്രയോഗിക്കുവാൻ കഴിയുകയില്ല. കാരണം അവനാണ് സഭയുടെ തലവൻ. തലവൻ കല്പിക്കുന്ന കാര്യങ്ങൾക്ക് അപ്പുറമോ ഇപ്പുറമോ അനുയായികൾക്കു പോകുവാൻ കഴിയുകയില്ലല്ലോ. അപ്രകാരം പോയാൽ അതു തെറ്റും ശിക്ഷാർഹവുമാണ്. 'ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ' (ഗലാ. 1:8) എന്നു പൗലൊസ് അപ്പൊസ്തലൻ പറയുന്നു. എന്നാൽ തലവനായ ക്രിസ്തു പറഞ്ഞിട്ടില്ലാത്ത കാര്യ

ങ്ങൾ വിശ്വാസികൾ ചെയ്യണമെന്നു അനുശാസിക്കുന്ന സഭാ തല വൻമാർ ശപിക്കപ്പെട്ടവരല്ലേ. അങ്ങനെയാണെങ്കിൽ മാർപ്പാപ്പാ, പാത്രിയർക്കീസ് തുടങ്ങിയ സഭാ തലവൻമാർ ശപിക്കപ്പെട്ടവരല്ലേ? കാരണം ബൈബിളിൽ പറഞ്ഞിട്ടില്ലാത്ത എന്തെല്ലാം ആചാരങ്ങളും തത്വങ്ങളുമാണു അവർ തങ്ങളുടെ സഭകളിൽ അടിച്ചേല്പിച്ചിരിക്കുന്നത്.

എന്താണു ക്രിസ്തുവിന്റെ നിയമങ്ങൾ? നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം. കൂട്ടുകാരനെ നിന്നേപ്പോലെ തന്നെ സ്നേഹിക്കണം (മത്താ: 27:37, 38). അപ്പവും വീഞ്ഞും എടുത്തു വാഴ്ത്തി ശിഷ്യന്മാർക്കു നൽകിക്കൊണ്ടു ക്രിസ്തു അരുളിച്ചെയ്തു: എന്റെ ഓർമ്മയ്ക്കായി ഇതുചെയ്വിൻ (ലൂക്കോ. 22:17–19). വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (മർക്കൊ. 16:16). പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ (മത്താ. 28:19, 20). ഇവയാണ് ക്രിസ്തു സഭയ്ക്കു നൽകിയിരിക്കുന്ന നിയമങ്ങൾ. ഈ നിയമങ്ങൾ സഭയിലെ ഓരോ അംഗങ്ങളും അനുസരിച്ചു നടക്കുവാൻ ബാധ്യസ്ഥരാണ്. അപ്രകാരം നടക്കാതിരുന്നാൽ ശിക്ഷാവിധിക്ക് അവർ അർഹരുമാണ്.

ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം ഭർത്താവിനോടു കീഴ്പ്പെട്ടിരിക്കുന്ന ഭാര്യയോടും, ഭാര്യയോടു വിശ്വസ്തത പുലർത്തുന്ന ഭർത്താവിനോടും സാമ്യപ്പെട്ടതാണ് (എഫെ. 5:23). ഇവിടെ ഭർത്താവ് ക്രിസ്തുവും ഭാര്യ സഭയും ആകുന്നു. ഭർത്താവായ ക്രിസ്തുവിനോടു കീഴ്പ്പെടാത്ത സഭ ഒരിക്കലും ക്രിസ്തുവിന്റെ ഭാര്യ ആകുകയില്ല. ചിലപ്പോൾ അവൾ ക്രിസ്തുവിന്റെ വെപ്പാട്ടി ആയേക്കും. വെപ്പാട്ടികൾക്കും മക്കൾക്കും ക്രിസ്തുവിന്റെ സമ്പത്തിൽ യാതൊരവകാശവും കാണുകയില്ലല്ലോ. അവൾക്കു ഭർത്താവായി ക്രിസ്തുവല്ലാതെ സഭാതലവൻമാർ പലരും കാണുമല്ലോ. അതുകൊണ്ടായിരിക്കാം മറ്റു സഭാതലവൻമാരുടെ പേരിൽ അവൾ ലോകത്തിൽ അറിയപ്പെടുന്നത്. കത്തോലിക്കാ സഭ, യാക്കോ

ബായ സഭ, പെന്തക്കോസ്തു സഭ തുടങ്ങിയവ ഇതിനുദാഹരണങ്ങൾ മാത്രം. ഈ സഭാതലവന്മാർ പറയുന്നതുംകൂടി അനുസരിക്കുവാൻ അവൾ തയ്യാറാകണമല്ലോ. അങ്ങനെയുള്ള വെപ്പാട്ടികളെ ക്രിസ്തു ഒരിക്കലും സ്നേഹിക്കുകയില്ല. കാരണം അവൻ നീതിമാനും വിശ്വസ്തതയുള്ളവനുമാണ്. അവന്റെ ന്യായവിധി ദൈവവചനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ആ അവസരത്തിൽ ദൈവവചനങ്ങളിൽനിന്നും അകന്നു കാമുകന്മാരായ സഭാതലവന്മാരുടെ വചനങ്ങൾകൂടി സ്വീകരിച്ച് അണിഞ്ഞൊരുങ്ങി നിൽക്കുന്ന വെപ്പാട്ടി സഭകളെ അവൻ സ്വീകരിക്കുകയില്ലല്ലോ.

കാമുകൻമാർ എപ്പോഴും സ്വാർത്ഥതാൽപര്യങ്ങൾക്കു മാത്രമേ പ്രാധാന്യം നൽകുകയുള്ളൂ. തങ്ങളുടെ വെപ്പാട്ടികൾ അപകടത്തിൽപെട്ടാൽ അവർക്ക് യാതൊരു ദുഃഖവും പ്രയാസവും കാണുകയില്ല. പണത്തിനുവേണ്ടിയും തങ്ങളുടെ മോഹങ്ങൾക്കുവേണ്ടിയും വെപ്പാട്ടികളെ ഉപയോഗിക്കുന്നതിൽ അവർ സന്തോഷം കണ്ടെത്തുകയും ചെയ്യും. അതുതന്നെയാണ് ഇന്നും എല്ലാ സഭാവിഭാഗങ്ങളിലെയും തലവൻമാർ ചെയ്യുന്നത്. അവർ സഭയിലൂടെ ധനം സമ്പാദിക്കുന്നു. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സോഷ്യൽ സർവീസ് കേന്ദ്രങ്ങൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ സഭാവിഭാഗങ്ങളുടെ പേരിൽ തുടങ്ങുന്നു. അതിലൂടെ മാന്യതയും ധനവും അവർ കൈക്കലാക്കുന്നു. അതിനു കൂട്ടുനിൽക്കുന്നവർ തെറ്റു കാണിച്ച് കോടതികളിൽ കേസ് ഉണ്ടായാൽ ആ കേസുകൾ ഈ സഭാധികാരികൾ നടത്തി കൊടുക്കുന്നു. അവരുടെ ധനാഗമനമാർഗ്ഗത്തിനെതിരെ ഭരണാധികാരികൾ പടവാൾ ഓങ്ങിയാൽ സഭാവിശ്വാസികളെ ഇളക്കിവിട്ട് ആ പടവാൾ ഭരണാധികാരികളെക്കൊണ്ടുതന്നെ താഴ്ത്തിക്കുന്നു. അങ്ങനെ അവർ രാഷ്ട്രീയത്തെ തങ്ങളുടെ കൈകളിൽ ഒതുക്കുവാൻ ശ്രമിക്കുന്നു.

പണത്തിനും സ്ഥാനമാനങ്ങൾക്കുമായി അവർ ദൈവവചനങ്ങളെ ദുർബ്ബലപ്പെടുത്തി മാനുഷികവചനങ്ങളെ കൂട്ടിച്ചേർത്തു ദൈവത്തിൽനിന്നും അകന്ന് പിശാചിന്റെയും ലോകത്തിന്റെയും മുമ്പിൽ തങ്ങളുടേതായ എല്ലാം അടിയറവെച്ചുകൊണ്ട് ദൈവത്തെയും ജനങ്ങളെയും വഞ്ചിച്ചുകൊണ്ടു കഴിഞ്ഞുകൂടുന്നു. അതിന്റെ ഫലമായി അസമാധാനവും അസംതൃപ്തിയും അവരുടെ

ഇടയിൽനിന്നും കളിയാടിക്കൊണ്ടിരിക്കുന്നു.

ഈ അടുത്ത കാലത്ത് പല സഭാദ്ധ്യക്ഷൻമാരുടേയും സഹകരണത്താൽ ആരോ സുവിശേഷ പ്രസംഗവും അത്ഭുത രോഗശാന്തി ശുശ്രൂഷയും കേരളത്തിൽ നടത്തി പണം പിരിക്കുകയുണ്ടായി. അവിടെ നടന്ന അത്ഭുത രോഗശാന്തിശുശ്രൂഷ തന്നെ ഒരു വെട്ടിപ്പാണോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാരണം രോഗികൾ എന്ന് അറിയപ്പെടാത്ത പലരും സുഖം പ്രാപിക്കുന്നു. രോഗികൾ എന്ന് അറിയപ്പെടുന്നവരോ നിരാശരായി മടങ്ങിപ്പോകുന്നു. രോഗികളുടെ വിശ്വാസക്കുറവാണെന്നു പറഞ്ഞ് സംഘാടകർ രക്ഷപ്പെടുന്നു. കുരുടരേയും, മുടന്തരേയും ക്രിസ്തുവും അപ്പൊസ്തലന്മാരും സുഖപ്പെടുത്തി. എന്നാൽ ഇവർക്കോ അതിനു കഴിയുന്നില്ല. എന്നാൽ അവരുടെ പ്രവൃത്തിയുടെ ഓമനപ്പേരോ – അത്ഭുത രോഗശാന്തി ശുശ്രൂഷ.

അത്ഭുത രോഗശാന്തിശുശ്രൂഷ നടത്തി ആളുകളെ പറ്റിക്കുവാനും സുവിശേഷയോഗങ്ങൾ നടത്തി പണംപിരിക്കുവാനും ക്രിസ്തു ഒരിക്കലും ആരോടും പറഞ്ഞിട്ടില്ല. ലോകമെമ്പാടും ചെന്നു സുവിശേഷം അറിയിച്ച് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുവാനാണ് ക്രിസ്തു പറഞ്ഞിട്ടുള്ളത്. ഇതാണോ ഇന്നു സഭാദ്ധ്യക്ഷൻമാർ ചെയ്യുന്നത്? ക്രിസ്തു പറഞ്ഞിട്ടുള്ള ഈ കാര്യവും ക്രിസ്തു നൽകിയ നിയമങ്ങളും അക്ഷരംപ്രതി അനുസരിക്കുവാനും മറ്റുള്ളവരെ പഠിപ്പിക്കുവാനും ഇന്നു ലോകത്തിൽ നിലവിലുള്ള ഏക സഭ ക്രിസ്തുസഭ മാത്രമാണ്. അവൾ മാത്രമാണ് ക്രിസ്തുവിന്റെ മണവാട്ടിയായി ലോകത്തിലുള്ളത്. സംശയമുള്ളവർ അവളേയും മറ്റുള്ള സഭകളേയും കുറിച്ചു പഠിച്ച് വിലയിരുത്തി സത്യം സ്വീകരിക്കുക. അങ്ങനെ സത്യം സ്വീകരിച്ച് രക്ഷപ്പെടുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

✶

## ഇസ്ലാം മതത്തിനെക്കുറിച്ച്

വിക്ടർ. എം. യേശുദാസ്

സത്യവേദ പുസ്തകത്തിൽ ഉൽപ്പത്തി തുടങ്ങി വെളിപ്പാടുവരെ

നാം നോക്കുമ്പോൾ ദൈവത്തിന്റെ ജനത്തെ പിശാച് സംശയം എന്ന വലയിലൂടെ പിടിക്കുന്നത് കാണുവാൻ കഴിയും. ഹവ്വയെ പിശാച് ഈ സംശയത്തിലൂടെയാണ് പിടിച്ചത്. ഇന്നും ക്രിസ്ത്യാനികളെ പിശാച് പിടിക്കുന്നത് സംശയം എന്ന വലയിലൂടെയാണ്. പല മതങ്ങളുടെ പേരിൽ ക്രിസ്തീയ മനസ്സുകളിലേക്ക് പിശാച് കയറിപ്പറ്റുന്നു. ഈ സംശയ കെണിയിൽ അകപ്പെട്ടു അനേകം ക്രിസ്ത്യാനികൾ വിശ്വാസത്തിന്റെ അടിത്തറ ഇളകിപ്പോയവരായിരിക്കുന്നു.

ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനം സത്യത്തിൽ ഒന്നിനാലും ഇളകുന്നതല്ല.

ലോകത്തിൽ വളരെയധികം പ്രചരിച്ചുകൊണ്ടിരിക്കുന്ന മുസ്ലീം മതം ക്രിസ്ത്യാനികളെ പലതരത്തിൽ തങ്ങളുടെ നിലപാടുകളിൽ സംശയമുള്ളവരാക്കിയിട്ടുണ്ട്. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ടു പിശാചിന്റെ തന്ത്രങ്ങളോടു പോരാടുവാൻ ശ്രമിക്കാത്തവർ ആ വലയിൽ തങ്ങൾ അറിയാതെ അകപ്പെട്ടുപോകുന്നു. ഒരു വിഭാഗം നമുക്കെതിരായി പ്രചരണം നടത്തുമ്പോൾ അതിനെ ശരിയായി നേരിടണമെങ്കിൽ ആദ്യമായി ആ വിഭാഗത്തെ മനസ്സിലാക്കണം. മുസ്ലീങ്ങളെ ഓർത്ത് നമുക്ക് ദൈവത്തോടു പ്രാർത്ഥിക്കാം. അവരുടെ മാനസാന്തരത്തിനു വേണ്ടിയും സത്യത്തിന്റെ പരിജ്ഞാനത്തിനുവേണ്ടിയും. അബ്രഹാമിന്റെ പുത്രനായ യിസ്മായേലിന്റെ വംശപാരമ്പര്യത്തിൽ നിന്നുള്ളവരാണല്ലോ അവർ. അബ്രഹാമിന് ഹാഗാറിൽ ജനിച്ച സന്തതിയാണ് യിസ്മായേൽ (വാഗ്ദാനം കൂടാതെ). വാഗ്ദാനപ്രകാരം അബ്രഹാമിന് ജനിച്ച പുത്രനാണ് ഇസഹാക്ക്. ആ ഇസഹാക്കിന്റെ പുത്രനായ യാക്കോബിന്റെ വംശാവലിയാണ് യഹൂദന്മാർ. യേശുക്രിസ്തു യഹൂദ വംശത്തിലാണ് ജനിച്ചത്.

ഇസഹാക്കിലൂടെ വർദ്ധിച്ചുണ്ടാകുന്ന ജനത്തെക്കുറിച്ച് ദൈവം അബ്രഹാമിന് വാഗ്ദാനം ചെയ്തതുപോലെ യിസ്മായേലിന്റെ മാതാവായ ഹാഗാറിനും ദൈവം വാഗ്ദാനം നൽകി. അങ്ങനെ യിസ്മായേലിന്റെ സന്തതികൾ പെരുകുവാൻ ഇടയായി (ഉല്പത്തി 16:10). ഈ സന്തതി പരമ്പരയിൽ ഉൾപ്പെട്ടവരാണ് ഇന്ന് അറേബ്യയിലും ഗൾഫ്നാടുകളിലും മറ്റും പാർക്കുന്ന മുസ്ലീങ്ങൾ. പഴയകാലത്ത് 'കുറൈശികൾ' എന്ന പേരോടുകൂടി ജീവിച്ചിരുന്ന അവർ ഏകദേശം

360 വിഗ്രഹങ്ങളോളം ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നു (ആ വിഗ്രഹത്തിൽ ഒരിനമായ കഫേകൽ ഇന്നും മുസ്ലീം ജനത ആരാധിക്കുന്നു. അബ്രഹാം യാഗം അർപ്പിച്ച കല്ല് എന്നാണ് അതിനെ കുറിച്ച് അവർ വിശ്വസിക്കുന്നത്.) എ.ഡി. 626 വരെ കുറൈശികൾ ഇപ്രകാരം വിഗ്രഹാരാധന നടത്തിയിരുന്നു.

ഈ കാലഘട്ടത്തിൽ ആയിരുന്നു മുഹമ്മദിന്റെ ജനനവും പ്രവർത്തനവും. ഏ.ഡി. 570–ൽ മുഹമ്മദ് ജനിച്ചു; പിതാവിന്റെ പേര്, അബ്ദുള്ള, മാതാവ് – ആമിന; ബാല്യത്തിൽ ഒട്ടകത്തെ വാങ്ങുക, കച്ചവടം ചെയ്യുക മുതലായ കാര്യങ്ങൾ മുഹമ്മദ് ചെയ്തിരുന്നു. ഇങ്ങനെയൊരു കച്ചവടസമയത്താണ് സിറിയദേശത്ത് വെച്ച് യഹൂദ സിറിയ ക്രൈസ്തവ കുടുംബത്തോട് പരിചയപ്പെടുവാൻ സന്ദർഭം ലഭിച്ചത്. ആ കുടുംബത്തിലെ നാഥൻ മരിച്ചപ്പോൾ ഭാര്യ ഖദീജയെ മുഹമ്മദ് വിവാഹം കഴിച്ചു. മുഹമ്മദിന് 25 വയസുണ്ടായിരുന്നപ്പോഴാണ് 40 വയസ്സുണ്ടായിരുന്ന ഖദീജയെ വിവാഹം കഴിച്ചത്. ഇങ്ങനെ മുഹമ്മദ് യഹൂദന്മാരെക്കുറിച്ചും ക്രിസ്ത്യാനികളെക്കുറിച്ചും മനസ്സിലാക്കി. ഖദീജയുടെ ബന്ധുവും പ്രാസംഗികനുമായ വർഗാബിൽ എന്ന ആൾ മുഹമ്മദിനെ ഇക്കാര്യത്തിൽ സഹായിച്ചു, മുഹമ്മദ് തന്റെ 40–ാമത്തെ വയസിൽ ഹിജ്റ എന്ന മലയിൽ യഹൂദ മതപ്രകാരം ധ്യാനിക്കാൻ പോയപ്പോൾ ദൈവശബ്ദം കേട്ടുവെന്നും അതിന് വർഗാബീൽ അവനെ ദൈവത്തിന്റെ വേലക്കാരനായി തീരുവാൻ പ്രോൽസാഹിപ്പിക്കുകയും ചെയ്തു എന്നും വിശ്വസിക്കപ്പെടുന്നു. ഗബ്രിയേൽ ദൂതനാണ് മുഹമ്മദിന് പ്രത്യക്ഷപ്പെട്ടത് എന്നാണ് പറയപ്പെടുന്നത്).

കുറൈശികളുടെ വിഗ്രഹാരാധന മുഹമ്മദ് വളരെയധികം വെറുത്തിരുന്നു. അവരോടു സത്യം പറയുന്നതിനും വിഗ്രഹാരാധനയിൽ നിന്ന് അവരെ പിന്തിരിപ്പിക്കുന്നതിനുമായി മുഹമ്മദ് മെക്ക എന്ന പട്ടണത്തിൽ ചെന്നു. പക്ഷെ അവർ മുഹമ്മദിനെ അംഗീകരിക്കുകയോ അദ്ദേഹത്തിന്റെ താക്കീത് സ്വീകരിക്കുകയോ ചെയ്തില്ല. മെക്കയിൽ നിന്ന് അവർ മുഹമ്മദിനെ പുറത്താക്കി. തായ്ഫ് എന്ന സ്ഥലത്ത് താമസിച്ചു അവിടെ വച്ച് മുഹമ്മദ് ഒരു ദർശനം കാണുകയും ദർശനത്തിൽ യേശുവിനെ കണ്ടുവെന്നും ജനങ്ങൾ മുഹമ്മദിന്റെ വാക്കുകൾ കേൾക്കുന്നതായും കണ്ടു എന്നും വിശ്വസിക്ക

പ്പെടുന്നു. ഇതിനുശേഷം മെക്കയിലുള്ള ജനങ്ങൾ അവന്റെ വാക്കു കൈക്കൊണ്ടു. മെഥിന പട്ടണത്തിൽ ഉണ്ടായിരുന്ന മനുഷ്യർ ഇതു കേട്ടു. മുഹമ്മദിനെ ക്ഷണിക്കുകയും ഉപദേശം കേൾക്കുകയും ചെയ്തു. ഇങ്ങനെ എ.ഡി. 622–ൽ മുഹമ്മദ് മെക്കയിൽ നിന്ന് മെഥിനാവിലേയ്ക്ക് യാത്ര ചെയ്തതിന്റെ ഓർമ്മക്ക് ഹിജ്റ എന്നു പറയുന്നു. ഹിജ്റയിൽ നിന്നാണ് മുസ്ലീം വർഷം തുടങ്ങുന്നത്.

മെഥീനയിൽ അറബികൾ യഹൂദന്മാർ, കത്തോലിക്കർ, സഭാവിശ്വാസികൾ, അപ്പോസ്തലിക ക്രിസ്ത്യാനികൾ എന്നിവർ ജീവിച്ചിരുന്നു. അവരിൽ യഹൂദന്മാരും യഥാർത്ഥക്രിസ്ത്യാനികളും (അപ്പോസ്തലന്മാരുടെ പിൻഗാമികൾ) മറ്റും മുഹമ്മദിന്റെ പ്രബോധനം അനുസരിച്ചില്ല. കത്തോലിക്കരൊകട്ടെ അവരുടെ നേതാക്കന്മാരുടെ ഹിതപ്രകാരമാണ് ജീവിച്ചിരുന്നത്. മുഹമ്മദ് മെഥീനയിൽ ജീവിച്ചിരുന്നപ്പോൾ മെക്കയിൽനിന്ന് വ്യാപാരത്തിനുവേണ്ടി മെഥീനയിൽ പോയ കച്ചവടക്കാരെ മെഥീനക്കാർ കൊള്ളയടിച്ചു. അവർ അത് മതപരമായ ഒരു വിശുദ്ധ പ്രവൃത്തി എന്നാണ് വിശേഷിപ്പിക്കുന്നത്. 'പഥർ' എന്ന് അവർ ആ യുദ്ധത്തിനെ വിളിക്കുന്നു. മെഥീനക്കാരെ മുഹമ്മദ് ഈ കാര്യത്തിൽ സഹായിച്ചു. അതിനുശേഷം മെഥീനയിൽ ജീവിച്ചിരുന്ന യഹൂദന്മാർ മെക്കയിലുള്ളവരെ സഹായിച്ചതിനാൽ മെഥീനക്കാർ പിന്നീട് തോറ്റു. ഈ കാരണത്താൽ മെഥീനയിൽ ജീവിച്ചിരുന്ന 800 ഓളം യഹൂദന്മാരെ കൊന്നു കളഞ്ഞു അവരുടെ വസ്തുക്കളെ കൊള്ളയടിച്ചു. ഉല്പത്തി 16:12–ൽ ദൈവം അബ്രഹാമിനോട് അരുളിച്ചെയ്തതുപോലെ ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ യുദ്ധകാലം വരെ മുഹമ്മദ് ആരാധിച്ചത് ജറുസലേമിനെ നോക്കിക്കൊണ്ടായിരുന്നു.

മുഹമ്മദ് ആരംഭിക്കുവാൻ ആഗ്രഹിച്ചത് ഒരു ക്രിസ്തീയ വിഭാഗമായിരുന്നു. പക്ഷേ അതിനു കഴിഞ്ഞില്ല, കാരണം വിഗ്രഹാരാധന തെറ്റാണ് എന്ന് പ്രചരിപ്പിച്ചപ്പോൾ 'ക്രിസ്ത്യാനികൾ' എന്ന് സ്വയം വിശേഷിപ്പിക്കുന്ന കത്തോലിക്കർ വിഗ്രഹാരാധന നടത്തിവന്നിരുന്നു. അതുകൊണ്ട് വിഗ്രഹാരാധന കൂടാതെ ഒരു മതത്തെ സ്ഥാപിക്കുവാൻ മുഹമ്മദിന് കഴിഞ്ഞില്ല. കുറൈശികളുടെ 360 വിഗ്രഹങ്ങളിൽ 359 വിഗ്രഹങ്ങളെയും തകർത്തു. പക്ഷേ കഫേ എന്ന കല്ലിനെ തകർത്തില്ല. ആ കല്ലിനെ ആരാധിക്കുവാനും മുഹമ്മദിന്റെ മതം

പൂർണ്ണമായി പ്രചരിപ്പിക്കുവാനും ഏ.ഡി. 626 മുതൽ കുറൈശികൾ ആരംഭിച്ചു.

വർഗാദിൽ മുഹമ്മദിനെ പഠിപ്പിച്ച യഹൂദ, ക്രിസ്തീയ വേദങ്ങളിൽ നിന്നുള്ള 60% ഭാഗങ്ങളും കത്തോലിക്ക പ്രബോധനങ്ങളിൽ നിന്ന് 25% വും കൂടാതെ മുഹമ്മദിന്റെ സ്വന്തമായ ചിന്താഗതികളും ആകുന്നു ഈ പുതിയ മതത്തിന്റെ ഉപദേശം.

മുഹമ്മദിന്റെ സ്വന്ത അഭിപ്രായങ്ങൾ ഹദീശ് എന്ന പേരിൽ അറിയപ്പെടുന്നു.

ബൈബിളിലെ പഴയ നിയമ ഭാഗത്തിലുള്ള മോശയുടെ പുസ്തകങ്ങളും ദാവീദിന്റെ സങ്കീർത്തനവും സുവിശേഷഭാഗങ്ങളും മുസ്ലീം വേദങ്ങളിൽ ചിലയിടത്ത് കാണുവാൻ കഴിയും.

മുഹമ്മദിന്റെ ജീവിതത്തിൽ സംഭവിച്ച പല യുദ്ധങ്ങളുടെയും വിവരണങ്ങളാണ് കൂടുതലായി അവരുടെ വേദത്തിൽ കാണുന്നത്. ബൈബിളിലെ പല വസ്തുതകളോടും ആശയങ്ങളോടുള്ള സാദൃശ്യവും വ്യക്തമാണ്.

ISLAM (ഇസ്ലാം) എന്ന വാക്ക് അലിപ് (Alip), ലാം (lam) മീം (Meem) എന്ന അറബി വാക്കുകളുടെ ചുരുക്കമാണ്.

അലീപ് എന്നു പറഞ്ഞാൽ = ജീവനായ ക്രിസ്തു
ലാം = സത്യദൈവ വാക്ക്
മീം = ദൈവത്തിന്റെ വഴി

ഒരർത്ഥത്തിൽ യോഹന്നാൻ 14:6–നോട് ചുരുക്കമായി ഈ അർത്ഥം യോജിക്കുന്നു.

ഈ ലേഖന പരമ്പര തുടരുന്നതാണ്. ഇതിനെ സംബന്ധിച്ച എല്ലാ ചോദ്യങ്ങൾക്കും ലേഖന കർത്താവ് മറുപടി നൽകുന്നതാണ്.

✱

## സംശയം

### സെബാസ്റ്റ്യൻ മാളിയേക്കൽ

ഒരു വിഭാഗം ആളുകൾ സംശയത്തിലൂടെ കടന്നുപോകുന്നവരാണ്. അതിൽ ആത്മീകവും, ലൗകീകവും ഉണ്ട്.

ആത്മീക സംശയത്തെക്കുറിച്ചുള്ള കാര്യങ്ങൾ ആണ് ഞാൻ

ഇവിടെ പറയുവാൻ ഉദ്ദേശിക്കുന്നത്. സംശയത്തിന്റെ വാസ്തവികവും, ബലഹീനവുമായ വശങ്ങളെ സംബന്ധിച്ചു നാം മനസ്സിലാക്കണം. സംശയം എന്നത് അവിശ്വാസമല്ല. കാരണം അവിശ്വാസം എന്നത് ദൈവീക സത്യങ്ങൾക്കു എതിരായുള്ള ഉറച്ച നിലപാടാണ്.

സംശയം എന്നത് വെറും അസ്ഥിരത മാത്രമാണ്, സംശയിക്കുന്ന ഒരുവന്നു അറിവു എത്രമാത്രം ആവശ്യമായിരിക്കുന്നുവോ, അത്ര മാത്രം വിശ്വാസം ആവശ്യമായിരിക്കുന്നില്ല, ആയതിനാൽ സംശയം പാപമല്ല. സംശയിക്കുന്നതിൽ ലജ്ജിതരാകുകയും വേണ്ട. നമ്മിൽ അനവധി പേർക്കു ദൈവത്തെക്കുറിച്ചു തെറ്റിദ്ധാരണകളുണ്ട്.

ദൈവത്തെയും ബൈബിൾപരമായ ഉപദേശങ്ങളെയും സംബന്ധിച്ചുള്ള യഥാർത്ഥമായ അറിവു ലഭിക്കുന്നതുവരേയും ചിന്തിക്കുവാനും, പഠിക്കുവാനും സംശയം സഹായിക്കുന്നു എങ്കിൽ അതു നല്ലതാണ്.

ചില സാഹചര്യങ്ങളിൽ പല കാര്യങ്ങളും നാം വിചാരിച്ചതിനെതിരാകുമ്പോഴും, നാം പ്രതീക്ഷിച്ചതുപോലെ ദൈവം പ്രവൃത്തിക്കാതിരിക്കുകയും ചെയ്യുമ്പോൾ പ്രത്യേകിച്ചു, സംശയം നമ്മെ പിടികൂടും. ദൈവം പറഞ്ഞതുപോലെ തികച്ചും, വിശ്വസിക്കാത്തവരും ഉണ്ട് (റോമർ 8:32).

ദൈവമല്ലാതെ സകലതും അറിയുന്നവരാരുമില്ല, എല്ലാ ദൈവദാസന്മാരും സംശയവുമായി പോരാടിയിട്ടുള്ള സമയങ്ങളുണ്ട്. ഈ സംശയത്തിലൂടെ പോരാടുന്നതിനാൽ നമ്മുടെ വിശ്വാസം വളരുന്നു. സംശയത്തിൽ നിന്നും നാം ഒളിക്കേണ്ടതില്ല; എന്നാൽ അവയ്ക്കുള്ള ഉത്തരം ആരായുക: എന്നിരുന്നാലും, അവിശ്വാസമെന്ന പാപത്തെ നമ്മിൽ നിന്നും അകറ്റുകയും അതിനെ ഭയപ്പെടുകയും, ചെറുത്തു നില്ക്കുകയും ചെയ്യുക.

സംശയങ്ങൾക്കു പലപ്പോഴും സങ്കീർണ്ണമായ കാരണങ്ങളുണ്ട്, മാത്രമല്ല, ലളിതമായ ഒരു പരിഹാരത്താൽ പരിഹരിക്കപ്പെടുന്നവയുമല്ല. സംശയിക്കുന്നവർ പറയുന്നതു നാം ശ്രദ്ധിക്കുകയും, സ്നേഹത്തോടിടപെടുകയും സംശയകാരണം ആരായുകയും വേണം. കൂടാതെ യഥാർത്ഥ പ്രശ്നം വിവേചിച്ചു അറിയുക. ദുരുപദേശം, കലഹപ്രിയം, വൈകാരിക അരക്ഷിതത്വം മുതലായവയാകാം.

★

## വാർത്തകൾ

### കുറുക്കുവഴികളില്ല; ജീവിതത്തോടു പുഞ്ചിരിയോടെ പൊരുതി സരസു

പിസ്റ്റൾ ഉപയോഗിച്ചു വെടിവയ്ക്കുന്നതിൽ വിദഗ്ധനായിരുന്നു ഹംഗേറിയൻ പട്ടാളക്കാരനായ കരോളി ടെക്കാക്സ്. കയ്യിലിരുന്ന ഗ്രനേഡ് പൊട്ടിത്തെറിച്ചു കരോളിയുടെ വലതു കൈ നഷ്ടമായി. നിരാശനാകാതെ കരോളി ഇടതുകൈ ഉപയോഗിച്ചു വെടിവയ്ക്കാൻ പരിശീലനം നേടുകയും പിന്നീടു രണ്ടുതവണ ഒളിംപിക്സിൽ പങ്കെടുത്തു സ്വർണമെഡൽ നേടുകയും ചെയ്തു.

★

### കണ്ടുപിടിത്തത്തിന്റെ കഥ

ചെമ്പ്, ഇരുമ്പ് തുടങ്ങിയ ലോഹങ്ങളെക്കുറിച്ച് പുരാതന കാലത്തുതന്നെ മനുഷ്യന് അറിവുണ്ടായിരുന്നു. രസകരമാണു പല മൂലകങ്ങളുടെയും കണ്ടുപിടിത്തത്തിന്റെ വഴികളിലൂടെ നടക്കുന്നത്. പണ്ട് തെക്കേ അമേരിക്ക കീഴടക്കിയ സ്പെയിൻകാരാണ് പ്ലാറ്റിനോ ഡെൽവിനോ നദീതീരത്തു മിന്നിത്തിളങ്ങുന്ന ഒരു ലോഹപദാർത്ഥം കണ്ടെത്തിയത്. അതു പ്ലാറ്റിനമായിരുന്നു. ജർമനിയിലെ ഹാംബർഗിൽ ജീവിച്ചിരുന്ന ഹെന്നിങ് ബ്രാൻഡ് എന്ന വ്യാപാരി ഫിലോസഫേഴ്സ് സ്റ്റോൺ കിട്ടാനായി നിരന്തരം രസതന്ത്ര പരീക്ഷണങ്ങൾ നടത്തിക്കൊണ്ടേയിരുന്നു.

★

### ഗുണ്ടാസംഘം എസ്ഐയുടെ കൈ തല്ലിയൊടിച്ചു

നടുറോഡിൽ ഗുണ്ടാസംഘം എസ്ഐയുടെ കൈ തല്ലിയൊടിച്ചു. സംഘർഷത്തിൽ പോലീസുകാരനു തലയ്ക്കു പരു

*Watch!*

# SATHYANADAM

## TV PROGRAM

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

ക്കേറ്റു. ഗുണ്ടകളുമായി അര മണിക്കൂർ സംഘട്ടനത്തിലേർപ്പെട്ട എസ്ഐയും പോലീസുകാരനും സംഘത്തിലെ രണ്ടു പേരെ സാഹസികമായി കസ്റ്റഡിയിലെടുത്തു. മൂന്നു വാഹനങ്ങളും പിടികൂടി. നാലുപേർ രക്ഷപ്പെട്ടു.

✱

## രക്താർബുദം: ഈ കുരുന്ന് സഹായം തേടുന്നു

രക്താർബുദം ബാധിച്ചു മെഡിക്കൽ കോളജിലെ റീജനൽ കാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന ആലപ്പുഴ ചാരുമൂട് താമരക്കുളം ലൂർദ്പുരം കോളനിയിൽ മുരുകന്റെ മകൾ എം. ശ്രീലക്ഷ്മി (11) സുമനസ്സുകളുടെ സഹായം തേടുന്നു. ഏഴാം ക്ലാസ് വിദ്യാർത്ഥിയായിരുന്ന ശ്രീലക്ഷ്മിക്ക് ആറുമാസങ്ങൾക്കു മുൻപാണു രക്താർബുദം പിടിപെട്ടത്.

✱

## ലഹരിമരുന്ന് വിൽപന തടയണം: മൈത്രി യോഗം

മെഡിക്കൽ കോളജ് പരിസരത്തു കള്ളനോട്ട്, ലഹരിമരുന്നു മാഫിയ പിടിമുറുക്കിയെന്നും, തടയാൻ നടപടി വേണമെന്നും പോലീസ് സ്റ്റേഷൻ പരിധിയിലെ മൈത്രി സുരക്ഷായോഗം ആവശ്യപ്പെട്ടു. മെഡിക്കൽ കോളജ്, കുമാരപുരം പ്രദേശങ്ങൾ കേന്ദ്രമാക്കിയാണു ലഹരിമരുന്നു വിൽപന പൊടിപൊടിക്കുന്നത്. നഗരത്തിലെ ചില ഗുണ്ടകളുടെ സഹായവും ഇവർക്കുണ്ട്. മെഡിക്കൽ കോളജ് പരിസരത്താണു കള്ളനോട്ട് വ്യാപകമായത്. നൂറിന്റെയും അഞ്ഞൂറിന്റെയും നോട്ടുകളാണ് അധികവും. ലഹരിമരുന്നു വ്യാപാരവും കള്ളനോട്ട് വ്യാപനവും തടയാൻ പോലീസ് നടപടികൾ ഊർജ്ജിതമാക്കണമെന്നു മൈത്രി സുരക്ഷാ യോഗത്തിൽ ആവശ്യമുയർന്നു.

✱

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| Hindi | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| Malayalam | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, Church of christ Thampuranmukku, Trivandrum-35 |
| Tamil | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| Telugu | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 August**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378